www.a2zSubjects.com

# PAPER-II
# MALAYALAM

**Signature and Name of Invigilator**

1. (Signature) ____________________________

   (Name) ____________________________

2. (Signature) ____________________________

   (Name) ____________________________

OMR Sheet No. : ..............................................
(To be filled by the Candidate)

Roll No. | | | | | | | | |
(In figures as per admission card)

Roll No.________________________________
(In words)

| J | 2 | 2 | 1 | 6 |
|---|---|---|---|---|

Time : **1 ¼** hours] [Maximum Marks : **100**

Number of Pages in this Booklet : **16** Number of Questions in this Booklet : **50**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of fifty multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the Question Booklet will be replaced nor any extra time will be given.**
   (iii) After this verification is over, the Test Booklet Number should be entered on the OMR Sheet and the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (1), (2), (3) and (4). You have to darken the circle as indicated below on the correct response against each item.
   **Example :** ① ② ● ④
   where (3) is the correct response.
5. Your responses to the items are to be indicated in the **OMR Sheet given inside the Booklet only.** If you mark your response at any place other than in the circle in the OMR Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your Name, Roll Number, Phone Number or put any mark on any part of the OMR Sheet, except for the space allotted for the relevant entries, which may disclose your identity, or use abusive language or employ any other unfair means, such as change of response by scratching or using white fluid, you will render yourself liable to disqualification.
9. You have to return the Original OMR Sheet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall. You are, however, allowed to carry original question booklet and duplicate copy of OMR Sheet on conclusion of examination.
10. **Use only Black Ball point pen provided by C.B.S.E.**
11. **Use of any calculator or log table etc., is prohibited.**
12. **There is no negative marks for incorrect answers.**

## परीक्षार्थियों के लिए निर्देश

1. इस पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए ।
2. इस प्रश्न-पत्र में पचास बहुविकल्पीय प्रश्न हैं ।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी । पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे, जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए पुस्तिका पर लगी कागज की सील को फाड़ लें । खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें ।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं । दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात् किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें । इसके लिए आपको पाँच मिनट दिये जायेंगे । उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा ।**
   (iii) इस जाँच के बाद प्रश्न-पुस्तिका का नंबर OMR पत्रक पर अंकित करें और OMR पत्रक का नंबर इस प्रश्न-पुस्तिका पर अंकित कर दें ।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (1), (2), (3) तथा (4) दिये गये हैं । आपको सही उत्तर के वृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है :
   **उदाहरण** : ① ② ● ④
   जबकि (3) सही उत्तर है ।
5. प्रश्नों के उत्तर **केवल प्रश्न पुस्तिका के अन्दर दिये गये OMR पत्रक पर ही** अंकित करने हैं । यदि आप OMR पत्रक पर दिये गये वृत्त के अलावा किसी अन्य स्थान पर उत्तर चिह्नांकित करते हैं, तो उसका मूल्यांकन नहीं होगा ।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें ।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें ।
8. यदि आप OMR पत्रक पर नियत स्थान के अलावा अपना नाम, रोल नम्बर, फोन नम्बर या कोई भी ऐसा चिह्न जिससे आपकी पहचान हो सके, अंकित करते हैं अथवा अभद्र भाषा का प्रयोग करते हैं, या कोई अन्य अनुचित साधन का प्रयोग करते हैं, जैसे कि अंकित किये गये उत्तर को मिटाना या सफेद स्याही से बदलना तो परीक्षा के लिये अयोग्य घोषित किये जा सकते हैं ।
9. आपको परीक्षा समाप्त होने पर मूल OMR पत्रक निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद उसे अपने साथ परीक्षा भवन से बाहर न लेकर जायें । हालांकि आप परीक्षा समाप्ति पर मूल प्रश्न-पुस्तिका तथा OMR पत्रक की डुप्लीकेट प्रति अपने साथ ले जा सकते हैं ।
10. **केवल C.B.S.E. द्वारा प्रदान किये गये काले बाल प्वाईंट पेन का ही इस्तेमाल करें ।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है ।**
12. **गलत उत्तरों के लिए कोई नकारात्मक अंक नहीं हैं ।**



www.a2zSubjects.com

www.a2zSubjects.com

# മലയാളം

## MALAYALAM

## Paper – II

**Note :** This paper contains **fifty (50)** objective type questions, each question carrying **two (2)** marks. Attempt **all** the questions.

**കുറിപ്പ് :** ഈ ചോദ്യക്കടലാസ്സിൽ **അമ്പത് (50)** ഒബ്ജക്റ്റീവ് ടൈപ്പ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട് (2)** മാർക്ക് വീതം. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**1.** 'തമിഴായിക്കൊണ്ടറിയിക്കുന്റേൻ' മുതലായ കവിവാക്യങ്ങളിലെ തമിഴ് എന്ന പ്രയോഗം ഭാഷ എന്ന സാമാന്യാർത്ഥത്തിലാണെന്നുള്ള അഭിപ്രായം ശരിയാണെന്നു തോന്നുന്നില്ല." ഈ നിരീക്ഷണം ആരുടേത് ?

(1) ഇളംകുളം കുഞ്ഞൻപിള്ള
(2) കെ. എം. പ്രഭാകരവാര്യർ
(3) ഗോദവർമ്മ
(4) ഉള്ളൂർ എസ്. പരമേശ്വരയ്യർ

**2.** **കാര്യം :** സംസ്കൃതം, ഇംഗ്ലീഷ്, റഷ്യൻ എന്നീ ഭാഷകൾ വൈകൃത കക്ഷ്യയിൽ-പ്പെടുന്നു.

**കാരണം :**
a. ഒന്നിലധികം അർത്ഥങ്ങളും വ്യാകരണ ധർമ്മങ്ങളും ഒരേ പ്രത്യയത്തിൽ അലിഞ്ഞു ചേരുന്നു.
b. പദ ഘടനയെ പ്രകൃതിയായും ഭിന്നാർത്ഥങ്ങളുള്ള പ്രത്യയങ്ങളായും വേർതിരിച്ചു കാണിക്കാൻ കഴിയില്ല.
c. പദങ്ങളിൽ വ്യാകരണ ധർമ്മങ്ങളിലെ വ്യത്യാസം സൂചിപ്പിക്കാൻ പ്രത്യയം ചേരുന്നില്ല.

(1) കാര്യം ശരി, കാരണം a-യും b-യും മാത്രം ശരി.
(2) കാര്യം ശരി, കാരണങ്ങൾ തെറ്റ്.
(3) കാര്യ ശരി, കാരണം a മാത്രം ശരി.
(4) കാര്യം ശരി, കാരണം a-യും c-യും മാത്രം ശരി.

**3.** "പെരുമതകും ശ്രീപാൽക്കടൽ കണ്ടു
പിപീലികുടിപ്പാൻ കരുതിയതൊക്കും" – എന്നു പറയുന്നത് എന്തിനെപ്പറ്റി ?

(1) ഭഗവദ് ഗീതാ വിവർത്തനത്തെപ്പറ്റി
(2) രാമായണ വിവർത്തനത്തെപ്പറ്റി
(3) ഭാഗവത വിവർത്തനത്തെപ്പറ്റി
(4) കമ്പരാമായണ വിവർത്തനത്തെപ്പറ്റി

**4.** **കാര്യം :** സംസ്കൃതത്തിൽ നിന്നും മലയാള ഭാഷ വിഭിന്നമായിരിക്കുന്നു.

**കാരണം :**
a. മലയാളത്തിൽ ലിംഗഭേദം അർത്ഥത്തെ ആശ്രയിച്ചിരിക്കുന്നു. സംസ്കൃതത്തിൽ അങ്ങനെയല്ല.
b. മലയാളത്തിൽ വചനമനുസരിച്ച് വിഭക്തി പ്രത്യയം മാറുന്നു.

(1) കാര്യം ശരി, കാരണം a മാത്രം ശരി.
(2) കാര്യം ശരി, കാരണം b മാത്രം ശരി.
(3) കാര്യം ശരി, കാരണം a-യും b-യും ശരി.
(4) കാര്യം ശരി, കാരണങ്ങൾ തെറ്റ്.



www.a2zSubjects.com

www.a2zSubjects.com

**5.** ‘അണൈഞ്ഞൊരു നീലമഹാമേഘം പോ-
ലലറിയതീവ ഭയം വരുമാറേ
നിണം കലരും കുടൽ മാലയണിന്തു
നിലാവിലകും പിറപോൽ എകിറോടും’ – ആരെപ്പറ്റി ഏതു കൃതിയിൽ വർണ്ണിക്കുന്നു ?

(1) ശൂർപ്പണക – കണ്ണശ്ശരാമായണം
(2) താടക – രാമചരിതം
(3) താടക – കണ്ണശ്ശരാമായണം
(4) ശൂർപ്പണക – രാമചരിതം

**6.** കൃഷ്ണഗാഥയുടെ പേര് ചെറുശ്ശേരി എന്നാണ് എന്നും അത് വൃത്തത്തെ അടിസ്ഥാനപ്പെടുത്തി ഉണ്ടായിട്ടുള്ളതാണ് എന്നും അഭിപ്രായപ്പെട്ടത്.

(1) എ.ഡി. ഹരിശർമ്മ
(2) പാട്ടത്തിൽ പത്മനാഭ മേനോൻ
(3) വടക്കുംകൂർ രാജരാജവർമ്മ
(4) കുണ്ടൂർ നാരായണ മേനോൻ

**7.** ചേരുംപടി ചേർക്കുക.

| | **പട്ടിക I** | | **പട്ടിക II** |
|---|---|---|---|
| a. | അനംഗസേന | i. | ചന്ദ്രോത്സവം |
| b. | മേദിനീവെണ്ണിലാവ് | ii. | ചെറിയച്ചി |
| c. | ആദിത്യവർമ്മ | iii. | വൈശികതന്ത്രം |
| d. | രംഗലക്ഷ്മി | iv. | ശുകസന്ദേശം |
| | | v. | ഉണ്ണുനീലി സന്ദേശം |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | i | iii | iv | ii |
| (2) | iii | i | v | iv |
| (3) | iii | v | i | ii |
| (4) | v | i | ii | iv |

**8.** മണിപ്രവാള വിഭജനത്തിൽപെടാത്തത്

(1) ഉത്തമം (2) ഉത്തമകല്പം
(3) അധമകല്പം (4) മധ്യമകല്പം

**9.** സന്ധികാര്യം ചർച്ച ചെയ്യുന്ന ലീലാതിലക ശില്പം :

(1) മൂന്നാം ശില്പം (2) രണ്ടാം ശില്പം
(3) നാലാം ശില്പം (4) അഞ്ചാം ശില്പം



www.a2zSubjects.com

www.a2zSubjects.com

**10.** ചേരുംപടി ചേർക്കുക.

| | **പട്ടിക I** | | **പട്ടിക II** |
|---|---|---|---|
| a. | കണിയാൻപാട്ട് | i. | വിനോദപരം |
| b. | മൂചേട്ടപ്പാട്ട് | ii. | തൊഴിൽപരം |
| c. | തേക്കുപാട്ട് | iii. | വർഗ്ഗപരം |
| d. | കുഞ്ചുതമ്പിപ്പാട്ട് | iv. | അനുഷ്ഠാനപരം |
| | | v. | വീരാപദാനപരം |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iv | ii | i | iii |
| (2) | i | iv | v | iii |
| (3) | iii | ii | v | iv |
| (4) | iii | iv | ii | v |

**11.** **കാര്യം** : ശാസനഭാഷ ഭാഷാചരിത്രകാരന്മാർക്ക് പ്രയോജനപ്പെടുത്താവുന്ന ഉപാദാനമാണ്.

**കാരണം** : a. രചനാകാലത്തെ ഭാഷാസ്വഭാവം കാണിക്കുന്നു.

b. വാമൊഴിയുടെ സ്വഭാവം കാണിക്കുന്നു.

(1) കാര്യം ശരി, കാരണങ്ങൾ തെറ്റ്.

(2) കാര്യവും കാരണങ്ങളും ശരി.

(3) കാര്യം ശരി, കാരണം a മാത്രം ശരി.

(4) കാര്യം ശരി, കാരണം b മാത്രം ശരി.

**12.** ചേരുംപടി ചേർക്കുക.

| | **പട്ടിക I** | | **പട്ടിക II** |
|---|---|---|---|
| a. | കേരളത്തിലെ കാളീസേവ | i. | ചേലനാട്ട് അച്യുത മേനോൻ |
| b. | കേരളത്തിലെ നാടോടി നാടകങ്ങൾ | ii. | എസ്.കെ. നായർ |
| c. | വടക്കൻപാട്ടുകൾ | iii. | കെ.കെ. വാദ്ധ്യാർ |
| d. | കാക്കാരശ്ശി നാടകം | iv. | ജി. ഭാർഗ്ഗവൻ പിള്ള |
| | | v. | എം.സി. അപ്പുണ്ണി നമ്പ്യാർ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | i | ii | v | iv |
| (2) | ii | i | iv | v |
| (3) | iii | iv | v | i |
| (4) | v | iv | iii | i |



www.a2zSubjects.com

www.a2zSubjects.com

**13.** ദുർജ്ജന സംസർഗ്ഗമേറ്റമകലവേ
വർജ്ജിക്കവേണം പ്രയത്നേന സൽപുമാൻ - എഴുതിയത്.

(1) കുഞ്ചൻ നമ്പ്യാർ (2) എഴുത്തച്ഛൻ
(3) പൂന്താനം (4) ഉണ്ണായി വാര്യർ

**14.** **കാര്യം** : പൂന്താനത്തിന്റെ ഭക്തിമാർഗ്ഗത്തിൽ വിഷാദാത്മകത അവിഭാജ്യ ഘടകമാണ്.
**കാരണം** : a. ജീവിതത്തിന്റെ നശ്വരതയെക്കുറിച്ച് കവി വാചാലനാണ്.
b. എല്ലാ ഭക്തികാവ്യങ്ങളുടെയും അടിത്തറയിൽ ബന്ധു വിയോഗമുണ്ട്.

(1) കാര്യം ശരി, കാരണം a-യും b-യും മാത്രം ശരി.
(2) കാര്യം ശരി, കാരണം b മാത്രം ശരി.
(3) കാര്യ ശരി, കാരണം a മാത്രം ശരി.
(4) കാര്യം ശരി, കാരണങ്ങൾ ഭാഗികമായിമാത്രം ശരി.

**15.** താഴെക്കാണുന്ന ഭാഗം ഏതേതു കൃതിയിൽനിന്ന് ?

(a) ബ്രഹ്മസ്വമായതും ദേവസ്വമായതും
നിർമ്മരിയാദമടക്കിനാനേറ്റവും
(b) ബ്രഹ്മസ്വമായുള്ളതു മടക്കിത്തുടങ്ങിനാൻ
കർമ്മദോഷങ്ങളെന്നു കല്പിച്ചാർ മറയോരും

(1) രാമായണം കിളിപ്പാട്ട്, ഭാരതം കിളിപ്പാട്ട്
(2) രാമായണം കിളിപ്പാട്ട്, കണ്ണശ്ശരാമായണം
(3) ഭാരതം കിളിപ്പാട്ട്, ഭാരതമാല
(4) കണ്ണശ്ശഭാഗവതം, ഭാഗവതം കിളിപ്പാട്ട്

**16.** കഥകളിയിൽ ദുശ്ശാസ്സനന്റെ വേഷം

(1) ചുവന്നതാടി
(2) വെള്ളത്താടി
(3) പച്ച
(4) കരി

**17.** അശ്വതിതിരുനാളിന്റെ ആട്ടക്കഥകളുടെ ശരിയായ ഗണം

(1) സന്താനഗോപാലം, രാവണോത്ഭവം, ഉത്തരാസ്വയംവരം, കാർത്തവീര്യാർജ്ജുന വിജയം
(2) കാലകേയവധം, ബകവധം, ത്രിപുരദഹനം, അയ്യപ്പചരിതം
(3) മണികണ്ഠവിജയം, പുളിന്ദീമോക്ഷം, കൃഷ്ണലീല, ധ്രുവചരിതം
(4) രുഗ്മിണീസ്വയംവരം, പൂതനാമോക്ഷം, പൗണ്ഡ്രകവധം, അംബരീഷചരിതം



www.a2zSubjects.com

**18.** മിക്ക ആട്ടക്കഥകളുടെയും സാഹിത്യരൂപ നിബന്ധനം
(1) പദം കവിവാക്യം, ശ്ലോകം കഥാപാത്രവാക്യം
(2) ശ്ലോകം കവിവാക്യം, പദം കഥാപാത്രവാക്യം
(3) ശ്ലോകവും പദവും നായകകഥാപാത്രങ്ങൾക്കു മാത്രം
(4) ശ്ലോകവും പദവും സൗമ്യപ്രകൃതികളായ മിനുക്കുവേഷക്കാർക്കുമാത്രം

**19.** ഇരയിമ്മൻതമ്പിയുടേതല്ലാത്ത ആട്ടക്കഥ
(1) കീചകവധം
(2) ദക്ഷയാഗം
(3) രാവണവിജയം
(4) ഉത്തരാസ്വയംവരം

**20.** കുചേലവൃത്തത്തിലെ പ്രതിപാദ്യം എവിടെനിന്ന് സ്വീകരിച്ചു ?
(1) ഭാഗവതം ദശമസ്ക്കന്ധം
(2) ഭാഗവതം ഏകാദശസ്ക്കന്ധം
(3) ഭാഗവതം പഞ്ചമസ്ക്കന്ധം
(4) ഭാഗവതം ദ്വാദശസ്ക്കന്ധം

**21.** ചേരുംപടി ചേർക്കുക.

| | പട്ടിക I | | പട്ടിക II |
|---|---|---|---|
| a. | ജ്ഞാനനിക്ഷേപം | i. | ജീവചരിത്രങ്ങൾ, ആത്മകഥ എന്നിവ പ്രസിദ്ധീകരിക്കാൻ തുടങ്ങി |
| b. | വിദ്യാസംഗ്രഹം | ii. | സാഹിത്യ വിമർശനം ഉദ്യോഗസ്ഥ വിമർശനം ഉൾക്കൊള്ളുന്നത് |
| c. | പശ്ചിമതാരക | iii. | മലയാളത്തിലെ ഒന്നാമത്തെ കോളേജ് മാസിക |
| d. | വിദ്യാവിനോദിനി | iv. | വിജ്ഞാനമേകുക എന്നതുമാത്രം ഉദ്ദേശിച്ചുകൊണ്ടുള്ളത് |
| | | v. | പ്രാചീനകൃതികളുടെ പ്രസിദ്ധീകരണം ഉദ്ദേശിച്ചുകൊണ്ടുള്ളത് |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iii | i | ii | v |
| (2) | iv | iii | ii | v |
| (3) | ii | iii | i | iv |
| (4) | i | iv | v | ii |

**22.** മിഷണറി ഗദ്യകൃതികളുടെ സവിശേഷതകൾ
a. ദ്രാവിഡപദങ്ങളുടെ ധാരാളിത്തം
b. വ്യവഹാരഭാഷയിലെ സാമുദായിക പ്രാദേശിക ഭേദങ്ങൾ
c. സുറിയാനി പദങ്ങളുടെ സാന്നിധ്യം
(1) a, b എന്നിവ മാത്രം ശരി (2) b, c എന്നിവ മാത്രം ശരി
(3) a, c എന്നിവ മാത്രം ശരി (4) ഇവ മൂന്നും ശരി



www.a2zSubjects.com

www.a2zSubjects.com

**23.** ചേരുംപടി ചേർക്കുക.

| **പട്ടിക I** | | **പട്ടിക II** | |
|---|---|---|---|
| a. | കേരളപത്രിക | i. | പന്തളം കേരളവർമ്മ |
| b. | രസികരഞ്ജിനി | ii. | ജോർജ്ജ് മാത്തൻ |
| c. | കവനകൗമുദി | iii. | ചെങ്കുളത്ത് കുഞ്ഞിരാമ മേനോൻ |
| d. | വിദ്യാസംഗ്രഹം | iv. | സി.വി. കുഞ്ഞുരാമൻ |
| | | v. | കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iii | v | i | ii |
| (2) | v | iii | ii | iv |
| (3) | i | iv | v | iii |
| (4) | iii | v | iv | i |

**24.** ശരിയായക്രമം ഏത് ?

(1) പശ്ചിമോദയം - വിദ്യാസംഗ്രഹം - രാജ്യസമാചാരം - ജ്ഞാനനിക്ഷേപം

(2) രാജ്യസമാചാരം - വിദ്യാസംഗ്രഹം - പശ്ചിമോദയം - ജ്ഞാനനിക്ഷേപം

(3) രാജ്യസമാചാരം - പശ്ചിമോദയം - ജ്ഞാനനിക്ഷേപം - വിദ്യാസംഗ്രഹം

(4) ജ്ഞാനനിക്ഷേപം - വിദ്യാസംഗ്രഹം, രാജ്യസമാചാരം - പശ്ചിമോദയം

**25.** ഭാഷാവൃത്തങ്ങൾ ഉപയോഗിച്ച് രചിച്ച മഹാകാവ്യം

(1) കേശവീയം (2) വേദവിഹാരം

(3) ഇസ്രായേൽ വംശം (4) ഉമാകേരളം

**26.** ചേരുംപടി ചേർക്കുക.

| **പട്ടിക I** | | **പട്ടിക II** | |
|---|---|---|---|
| a. | മഹാപ്രസ്ഥാനം | i. | മഹാഭാരതം |
| b. | കേശവീയം | ii. | ചരിത്രം |
| c. | ഉമാകേരളം | iii. | ഭാഗവതം |
| d. | ചിത്രയോഗം | iv. | ബൈബിൾ |
| | | v. | കഥാസരിത് സാഗരം |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iv | iii | ii | v |
| (2) | iii | iv | ii | v |
| (3) | iv | iii | v | ii |
| (4) | i | ii | v | iv |

**27.** ഉള്ളൂരിന്റേതല്ലാത്ത രചന

(1) കീശസന്ദേശം (2) കൂപാലാപം

(3) പിംഗള (4) ഒരു കീറത്തലയണ



www.a2zSubjects.com

www.a2zSubjects.com

**28.** വിട്ടുപോയ ഭാഗമേത്

ഹാസുഖങ്ങൾ വെറും ജാലം ആരറിവൂ...

ത്രാസുപൊങ്ങുന്നതും താനേതാണു പോവതും

(1) നിയതിതൻ (2) വിയതിതൻ

(3) സുകൃതിതൻ (4) പ്രകൃതിതൻ

**29.** കപടലോകത്തിലാത്മാർത്ഥമായൊരു

ഹൃദയമുണ്ടായതാണെൻ പരാജയം. - ഏതു കവിതയിൽനിന്ന് ?

(1) രമണൻ (2) ഇരുളിൽ

(3) ഭാവത്രയം (4) പാടുന്ന പിശാച്

**30.** ചേരുംപടി ചേർക്കുക.

| | പട്ടിക I | | പട്ടിക II |
|---|---|---|---|
| a. | അഗ്രഗാമികളങ്ങുയെന്നുയരത്തിൽ വീശി പതാകകൾ<br>വിഗ്രഹങ്ങളുടച്ചനുഗ്രഹ ശക്തരാവൂ കവികളേ | i. | സ്വാതന്ത്ര്യത്തെക്കുറിച്ചൊരു ഗീതം |
| b. | എന്നിട്ടും മിഴിപൂട്ടിയിരിപ്പാന്നവർ മാത്രം<br>എന്തല്പരസംകൊണ്ടോ ? തപസ്സിൽ വിര്യം കൊണ്ടോ ? | ii. | ഗജേന്ദ്രമോക്ഷം |
| c. | എത്ര കഴിഞ്ഞൂകാലം, മെയ്യുതളർന്നു തുടങ്ങീ കൈയ്യുകൾ നീട്ടി<br>ച്ചുറ്റിലുമങ്ങനെ നിൽപൂ കൂടപ്പിറവികൾ പാറക്കെട്ടുകൾ പോലെ | iii. | ഹേഗഗാറിൻ |
| d. | ശൂന്യതയിൽ കാൽപ്പെരുമാറ്റം കേട്ടേൻ; നിശ്ചലരാവിൽ<br>പൂർണ്ണിമയുടെ പൂഞ്ചിരികണ്ടെൻ കണ്ണുതിരുമ്മിയുണർന്നേൻ | iv. | നാലുമണിപ്പൂക്കൾ |
| | | v. | പ്രണയഗീതങ്ങൾ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iv | ii | iii | i |
| (2) | iii | iv | i | ii |
| (3) | iii | ii | iv | v |
| (4) | iii | iv | ii | i |



www.a2zSubjects.com

www.a2zSubjects.com

**31.** ചേരുംപടി ചേർക്കുക.

| **പട്ടിക I** | | **പട്ടിക II** | |
|---|---|---|---|
| a. | വെഷക്കായ | i. | മനോജ് കുറൂർ |
| b. | വായനാവികൃതി | ii. | എം.എസ്. ബനേഷ് |
| c. | കാത്തുശിക്ഷിക്കണേ | iii. | എം.ആർ. അനിൽകുമാർ |
| d. | കോമ | iv. | എ.സി. ശ്രീഹരി |
| | | v. | എം. ആർ. രേണുകുമാർ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | v | iv | ii | i |
| (2) | iv | ii | v | i |
| (3) | iii | ii | i | v |
| (4) | i | iii | ii | iv |

**32.** ചൊറിയമ്പുഴു യുദ്ധം ബഷീറിന്റെ ഏതു നോവലിലെ അദ്ധ്യായമാണ് ?

(1) ആനവാരിയും പൊൻകുരിശും

(2) സ്ഥലത്തെ പ്രധാന ദിവ്യൻ

(3) മുച്ചീട്ടുകളിക്കാരന്റെ മകൾ

(4) ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്

**33.** ചേരുംപടി ചേർക്കുക.

| **പട്ടിക I** | | **പട്ടിക II** | |
|---|---|---|---|
| a. | ഭൂതരായർ | i. | കപ്പന കൃഷ്ണ മേനോൻ |
| b. | കേരളപുത്രൻ | ii. | വിദ്വാൻ കേശവപിള്ള |
| c. | ചേരമാൻ പെരുമാൾ | iii. | അപ്പൻ തമ്പുരാൻ |
| d. | ശ്രീ പത്മനാഭ ദാസൻ | iv. | അമ്പാടി നാരായണപ്പൊതുവാൾ |
| | | v. | ചെങ്കുളത്ത് കുഞ്ഞിരാമ മേനോൻ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iv | ii | i | iii |
| (2) | v | i | iii | ii |
| (3) | iv | iii | v | i |
| (4) | iii | iv | i | ii |



www.a2zSubjects.com

www.a2zSubjects.com

**34.** താഴെ കൊടുത്തിരിക്കുന്നതിൽ പോഞ്ഞിക്കര റാഫിയുടേത് അല്ലാത്തത്

(1) സ്വർഗദൂതൻ (2) ഉമ്മാച്ചു

(3) പാപികൾ (4) ഫുട്റോൾ

**35.** ഡോക്ടർ ഡങ്കൻ സായ്പ് – ഏതു കഥയിലെ കഥാപാത്രമാണ് ?

(1) ഡോക്ടർ രക്ഷപ്പെട്ടത്

(2) ദ്വാരക

(3) കൂനിയുടെ ചികിത്സ

(4) ഇങ്ങനെ വരുമെന്ന് വിചാരിച്ചില്ല

**36.** ചേരുംപടി ചേർക്കുക.

| | **പട്ടിക I** | | **പട്ടിക II** |
|---|---|---|---|
| a. | ചേറപ്പായി കഥകൾ | i. | പുനത്തിൽ കുഞ്ഞബ്ദുള്ള |
| b. | ബ്രിഗേഡിയർ കഥകൾ | ii. | യു.എ. ഖാദർ |
| c. | തൃക്കോട്ടൂർ കഥകൾ | iii. | വി.കെ.എൻ. |
| d. | അലിഗഡ് കഥകൾ | iv. | ഐപ്പ് പാറമേൽ |
| | | v. | മലയാറ്റൂർ രാമകൃഷ്ണൻ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | ii | v | i | iii |
| (2) | iv | iii | ii | v |
| (3) | iv | v | ii | i |
| (4) | iv | v | i | iii |

**37.** "നിരൂപകൻ ഒരു അമ്പയർ ആണ്, ഇടയ്ക്കിടെ അയാൾ ഫൗൾ എന്ന് വിളിച്ചു പറയും" – ഈ പ്രസ്താവം ഏതു നിരൂപകന്റേത് ?

(1) എം.എൻ. വിജയൻ

(2) പി.കെ. രാജശേഖരൻ

(3) കെ.എം. നരേന്ദ്രൻ

(4) എസ്. ഗുപ്തൻ നായർ



www.a2zSubjects.com

**38.** താഴെ കൊടുത്തിരിക്കുന്നതിൽ ഗുപ്തൻനായരുടെ കൃതികൾ

(1) സൃഷ്ടിയും സൃഷ്ടാവും, ഇസങ്ങൾക്കിപ്പുറം

(2) അസ്ഥിയുടെ പൂക്കൾ, ഇസങ്ങൾക്കപ്പുറം

(3) അസ്ഥിയുടെ പൂക്കൾ, ഇസങ്ങൾക്കിപ്പുറം

(4) ഇസങ്ങൾക്കപ്പുറം, വിചാര വിപ്ലവം

**39.** കഥാപാത്രങ്ങളും സിനിമകളും – ചേരുംപടി ചേർക്കുക.

| | **പട്ടിക I** | | **പട്ടിക II** |
|---|---|---|---|
| a. | പോസ്റ്റ് മാസ്റ്റർ ശങ്കരൻ നായർ | i. | മൂലധനം |
| b. | അപ്പു | ii. | അനുഭവങ്ങൾ പാളിച്ചകൾ |
| c. | ചോഴിയും നാരായണിയും | iii. | രാരിച്ചൻ എന്ന പൗരൻ |
| d. | ചെല്ലപ്പൻ | iv. | ന്യൂസ്പേപ്പർ ബോയ് |
| | | v. | നീലക്കുയിൽ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | v | iv | iii | ii |
| (2) | iv | iii | i | v |
| (3) | v | i | ii | iii |
| (4) | i | iii | v | ii |

**40.** സർവ്വകലാശാലാതലത്തിൽ ആദ്യമായി മലയാള വിഭാഗം ആരംഭിച്ചത്

(1) കേരള സർവകലാശാല

(2) ട്യൂബിങ്ടൺ സർവകലാശാല

(3) അലിഗഡ് മുസ്ലിം സർവകലാശാല

(4) മദിരാശി സർവകലാശാല

**41.** നിഘണ്ടുക്കളുടെ ശരിയായ പ്രസിദ്ധീകരണക്രമം :

(1) ഗുണ്ടർട്ട് നിഘണ്ടു – ബെയ്‌ലി നിഘണ്ടു – കോളിൻസിന്റെ മലയാളം നിഘണ്ടു – തോബിയാസ് സഖറിയാസിന്റെ മലയാളം ഇംഗ്ലീഷ് നിഘണ്ടു

(2) കോളിൻസിന്റെ മലയാളം നിഘണ്ടു – തോബിയാസ് സഖറിയാസിന്റെ മലയാളം ഇംഗ്ലീഷ് നിഘണ്ടു – ഗുണ്ടർട്ട് നിഘണ്ടു – ബെയ്‌ലി നിഘണ്ടു

(3) ബെയ്‌ലി നിഘണ്ടു – കോളിൻസിന്റെ മലയാളം നിഘണ്ടു – തോബിയാസ് സഖറിയാസിന്റെ മലയാളം ഇംഗ്ലീഷ് നിഘണ്ടു – ഗുണ്ടർട്ട് നിഘണ്ടു

(4) ഗുണ്ടർട്ട് നിഘണ്ടു – കോളിൻസിന്റെ മലയാളം നിഘണ്ടു – തോബിയാസ് സഖറിയാസിന്റെ മലയാളം ഇംഗ്ലീഷ് നിഘണ്ടു – ബെയ്‌ലി നിഘണ്ടു



www.a2zSubjects.com

www.a2zSubjects.com

**42.** സി.വി. കൃതികൾക്ക് ശൈലീവിജ്ഞാനീയാടിത്തറയിലുണ്ടായ പഠനം

(1) പ്രതിപാത്രം ഭാഷണഭേദം

(2) ദൈവനീതിക്ക് ദാക്ഷിണ്യമില്ല

(3) മൗനം തേടുന്ന വാക്ക്

(4) മറുതിരകാത്തുനിന്നപ്പോൾ

**43.** **കാര്യം :** മലയാളത്തിലെ ആദ്യകാല അനുവർത്തന തിരക്കഥകളിൽ ഏറിയപങ്കും 'തിരനാടക' ഘടനയാണ് പ്രദർശിപ്പിച്ചത്.

**കാരണം :** a. സംഭാഷണ ധാരയിലൂടെ പുരോഗമിക്കുന്ന ആഖ്യാനമാണ് സിനിമയ്ക്കാവശ്യം എന്ന ധാരണ.

b. സിനിമയുടെ ദൃശ്യവ്യാകരണത്തിൽ സാഹിത്യ രചയിതാക്കൾക്കില്ലാതിരുന്ന അവഗാഹം.

c. സിനിമ സാങ്കേതിക കലയാണ്. സാഹിത്യമാണ് ഉദാത്തവും ചിരസ്ഥായിത്വമുള്ളതുമെന്ന ധാരണ.

(1) കാര്യം ശരി, കാരണം (a) മാത്രം ശരി.

(2) കാര്യം ശരി, കാരണം (a) യും (b) യും ശരി.

(3) കാര്യം ശരി, കാരണം (c) മാത്രം ശരി.

(4) കാര്യം ശരി, കാരണങ്ങൾ എല്ലാം ശരി.

**44.** ചേരുംപടി ചേർക്കുക.

| | **പട്ടിക I** | | **പട്ടിക II** |
|---|---|---|---|
| a. | തുടിക്കുന്ന താളുകൾ | i. | ചെറുകാട് |
| b. | കണ്ണീരും കിനാവും | ii. | അമർത്യാനന്ദ |
| c. | ജീവിതപ്പാത | iii. | നന്തനാർ |
| d. | അർദ്ധവിരാമം | iv. | ചങ്ങമ്പുഴ കൃഷ്ണപിള്ള |
| | | v. | വി.ടി. ഭട്ടതിരിപ്പാട് |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iii | v | i | ii |
| (2) | iii | iv | v | ii |
| (3) | iv | iii | ii | i |
| (4) | iv | v | i | ii |

**45.** ആദ്യമായി പുസ്തകരൂപത്തിൽ പുറത്തുവന്ന ഉപന്യാസ സമാഹാരം

(1) മൂർക്കോത്തു കുമാരന്റെ കുതിര മഹായോഗം

(2) കൊച്ചിരാമവർമ്മ അപ്പൻ തമ്പുരാൻ പ്രസാധനം ചെയ്ത ഗദ്യമാലിക

(3) ആർ. ഈശ്വരപിള്ളയുടെ ചിന്താസന്താനം

(4) ചിരിയും ചിന്തയും - ഇ.വി. കൃഷ്ണപിള്ള



www.a2zSubjects.com

www.a2zSubjects.com

താഴെ കൊടുത്തിരിക്കുന്ന ഉപന്യാസഭാഗം വായിച്ച് തുടർന്നു വരുന്ന ചോദ്യങ്ങൾക്ക് ഉത്തരം അടയാളപ്പെടുത്തുക.

സംസ്കൃതം വെറുമൊരു ഭാഷ മാത്രമല്ല – അതൊരു സംസ്കാരമാണ്; ലോകബോധവും ജീവിതവീക്ഷണവും കൂടിയാണ്. മസ്തിഷ്കത്തെ രൂപപ്പെടുത്തുന്നതു ഭാഷയാണ് എന്ന നിരീക്ഷണത്തെ ഉദാഹരിക്കാൻ നമ്മുടെ രാജ്യത്തെ പ്രാദേശിക സംസ്കൃതികൾക്കുമേൽ സംസ്കൃതം ചെലുത്തിയ സ്വാധീനം വിവരിച്ചാൽ മതി. സംസ്കൃതഭാഷയിലുള്ള ജ്ഞാനവിജ്ഞാനങ്ങളാണ് ഇന്ത്യൻ പ്രാദേശികഭാഷകളുടെയെല്ലാം ഇച്ഛാ-ജ്ഞാന-ക്രിയാശക്തികളെ പ്രചോദിപ്പിച്ചതും പ്രപോഷിപ്പിച്ചതും. ഇത് ഏക-മുഖമായ ഒരു ധാര മാത്രവുമല്ല. പ്രാദേശിക സംസ്കൃതികളിലേക്കങ്ങോട്ട് എന്നപോലെ ആ സംസ്കൃതികളിൽനിന്നിങ്ങോട്ടു സംസ്കൃതത്തിലേക്കുമുണ്ട് ഒരു അഭിസാരം. ഈ അഭിസാരം മുഖേനയാണ് സംസ്കൃതത്തിനു പ്രാദേശികഭാഷകളുമായും ആ നാട്ടുമൊഴികൾക്ക് സംസ്കൃതവുമായും അഭിജ്ഞാനം തേടാനും താദാത്മ്യം നേടാനും കഴിഞ്ഞത്. സംസ്കൃതവും കേരളീയസമൂഹവും എന്ന വിഷയത്തെക്കുറിച്ചു പറയാൻ തുടങ്ങുന്നതിനുമുമ്പ് ഇക്കാര്യം സവിശേഷം ഓർത്തിരിക്കേണ്ടത് ആവശ്യമാണ്.

ചരിത്രം കണ്ണുമിഴിക്കാൻ തുടങ്ങുമ്പോൾത്തന്നെ സംസ്കൃത പാരമ്പര്യത്തിന്റെ പല രൂപങ്ങളും കേരളക്കര ഉൾപ്പെടെയുള്ള തമിഴകത്തുടനീളം നിഴലിക്കാൻ തുടങ്ങിക്കഴിഞ്ഞതായിക്കാണാം. ആദിചേരന്മാരിൽ ചില മുടിമന്നന്മാർ പുത്രകാമേഷ്ടി നടത്തിയതായി അവരെക്കുറിച്ചുള്ള പാട്ടുകളിൽ കാണുന്നു. ആ നാട്ടുകോയ്മകളിൽ ചിലർ ബ്രഹ്മദേയങ്ങൾ സ്ഥാപിച്ചവരാണ്; വൈദിക സംസ്കൃതിയുടെ വഴക്കങ്ങളും വിശ്വാസങ്ങളും ഒപ്പം അതിന്റെ പദകോശവുംകൂടി തമിഴകത്തേ വാമൊഴിവഴക്ക-ങ്ങളിലേക്ക് ആഗിരണം ചെയ്യപ്പെട്ടു കഴിഞ്ഞിരുന്നു എന്ന് നമ്മുടെ ഏറ്റവും പഴയ വാങ്മയങ്ങളായ പഴന്തമിഴ്പ്പാട്ടുകൾ സൂചിപ്പിക്കുന്നു. സംസ്കൃതഭാഷ ഉപാധിയായി രൂപംകൊണ്ട പല സങ്കല്പങ്ങളും നാട്ടുവഴക്കങ്ങളിലേക്ക് ഊർന്നിറങ്ങിയതിന്നും ആ പാട്ടുവഴക്കങ്ങളിൽ തെളിവുണ്ട്. തമിഴകത്തെ പഴയ മൂവരശസങ്കല്പത്തിന്റെ വിശദാംശങ്ങളിലാകെ ബ്രാഹ്മണസംഹിതകളിലെ ചക്രവർത്തി സങ്കല്പവും ഭൂമിശാസ്ത്രബോധവും ധർമ്മചിന്തയും രാജധർമ്മവുമെല്ലാം ആധാരഭൂതമായി വർത്തിക്കുന്നുണ്ട്. ഹിമാലയം വരെയുള്ള ഭൂവിഭാഗങ്ങളെ ഉള്ളടക്കുന്ന ചക്രവർത്തി ക്ഷേത്രമാണ് തമിഴകത്തെ ഓരോ മുടിമന്നന്റേയും തട്ടകം എന്ന പ്രസ്താവം, ഭാരതീയ രാഷ്ട്രമീമാംസയിലെ സമ്രാട്സങ്കല്പത്തിന്നു കപ്പം കൊടുക്കേണ്ട ഒരാശയമാകുന്നു. വടക്ക് ആര്യാവർത്തത്തിൽ രൂപപ്പെട്ട സാമ്രാജ്യങ്ങളുടെ മൂശയിലാണ് തമിഴകത്തെ മുടിമന്നന്മാരുടെ രാജ്യസങ്കല്പം രൂപപ്പെട്ടത്.

ആകൃതിയും പ്രകൃതിയും എന്തായിരുന്നാലും അതു പ്രകാശിപ്പിക്കാനുള്ള കരു സംസ്കൃതത്തിന്റെ കമ്മട്ടത്തിലാണ് ഉരുവപ്പെട്ടത് എന്നു ചുരുക്കം. എന്നുവെച്ച്, നാടൻമട്ടുകളെ ഇകഴ്ത്തിയും അകറ്റിയും തള്ളിപ്പറഞ്ഞും പില്ക്കാലത്തു പാശ്ചാത്യാധുനികത ആ സമ്പ്രദായങ്ങളെ നാമാവശേഷമാക്കിയതുപോലുള്ള ഒരു സംസ്കാര പ്രചാരമായിരുന്നില്ല സംസ്കൃതത്തിന്റെ അഭിസാരംകൊണ്ടു സംഭവിച്ചത്. അതു നാട്ടുവഴക്കങ്ങളുടേയും ലോകബോധങ്ങളുടേയും സ്വത്വങ്ങളെ അംഗീകരിച്ചു; അവയ്ക്ക് അംഗീകാരത്തിന്റെ നിദാനമായ ശാസ്ത്രീയത കല്പിച്ചു നൽകുകയും ചെയ്തു. ലോകബോധത്തിലും ജീവിതവീക്ഷണത്തിലും ശാസ്ത്രചിന്തയിലുമെല്ലാം ഇതിനുദാഹരണങ്ങൾ കാണാം.

തമിഴകത്തേക്കുള്ള ഈ സംസ്കൃത പ്രചാരത്തിന് അന്നത്തെ ഉല്പാദന വ്യവസ്ഥ, സാമൂഹികക്രമം, നാടുവാഴ്ച എന്നിവയിലോളം വേരോട്ടമുണ്ട്. ഐന്തിണകളിലെ വിഭവോല്പാദനം മരുതത്തിലൊഴികെ മറ്റെല്ലാടത്തും കുടുംബ ബന്ധങ്ങളുടെ ചട്ടക്കുടിലൊതുങ്ങിയ തൊഴിൽ ശേഷിയാൽ പരിമിതപ്പെട്ടു. മരുതത്തിലാകട്ടെ, കുടുംബബന്ധങ്ങളെ മുറിച്ചുകടക്കുന്ന ഉല്പാദന ബന്ധങ്ങളേർപ്പെട്ടതു കാരണം വിഭവോല്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായി. ഈ ഉല്പന്നങ്ങളിന്മേൽ ഉടമകൾക്കുള്ള അവകാശത്തിന്നു നീതീകരണം നൽകുന്ന സ്വത്തവകാശാശയങ്ങൾ



www.a2zSubjects.com

www.a2zSubjects.com

ധർമ്മശാസ്ത്രങ്ങളിൽ അന്നേക്കു ക്രമീകരിക്കപ്പെട്ടിരുന്നു. ആ ആശയങ്ങളെ ആധാരമാക്കിയാണ് 'ഇറ' (കരം, നികുതി) പിരിവിനെക്കുറിച്ചുള്ള പഴന്തമിഴ് വഴക്കങ്ങൾ രൂപംകൊള്ളുന്നത്. ഉല്പാദകന്റെ തൊഴിൽകൊണ്ടുണ്ടാവുന്ന ഉല്പന്നത്തിന്മേൽ ഉടമയുടെ അവകാശം ഉറപ്പായതോടെ ആ വ്യവസ്ഥയെ കാത്തുപോരാനുള്ള ഭരണ കൂടത്തിന്റെ ആദ്യാങ്കുരങ്ങളും ഇക്കാലത്താണ് തമിഴകത്ത് പ്രത്യക്ഷമാവുന്നത്. രാജാവിന്റെ കീഴിലുള്ള ഭരണകൂടത്തിനും വേണം ധർമ്മശാസ്ത്രാനുസാരിയായ ന്യായം. ആ ന്യായം സംസ്കൃതഭാഷയിലുള്ള ഗ്രന്ഥങ്ങളിലാണ് ആദ്യമായി സ്വരൂപപ്പെടുകയുണ്ടായത്. 'ചെവിയറിവുതുറുതുറെ' എന്നും മറ്റും തനിത്തമിഴെന്നു നാട്യം നടിക്കുന്ന ധർമ്മചിന്തകളുടെയെല്ലാം മൂലരൂപം സംസ്കൃതത്തിലുള്ള ധർമ്മശാസ്ത്രങ്ങളിലാണ്. അവയുടെ തെക്കോട്ടുള്ള പ്രചാരം സ്വാഭാവികവും ആവശ്യാധിഷ്ഠിതവുമായിരുന്നു എന്നാണ് പറഞ്ഞുവരുന്നത്.

സംസ്കാരത്തിന്റെ കടുംകൊള്ളൽ ഭാഗികമായി മാത്രം നടക്കുന്ന ഒന്നല്ല. സാകല്യേനയുള്ള ഒരു വ്യാപനമാണത്. തന്നിമിത്തം, സംസ്കൃതത്തിലെ ധർമ്മശാസ്ത്രത്തോടൊപ്പം, മറ്റു ശാസ്ത്രചിന്തകളും ഇങ്ങോട്ടെത്തി. തമിഴകത്തെ ഏറ്റവും പഴയ ഭാഷാചിന്തകളിൽ സംസ്കൃതവ്യാകരണത്തിന്റെ ഒളിപരന്നുകാണാം. തിരുക്കുറൾ പോലുള്ള തത്ത്വചിന്താപരമായ കൃതികളിലും പില്ക്കാലത്തെ ചിലപ്പതികാരം, മണിമേഖല തുടങ്ങിയ ഇതിഹാസകൃതികളിലും എത്രയെത്ര സംസ്കൃതാശയങ്ങളാണ് പ്രാമാണ്യേന കലർന്നിരിക്കുന്നത് ! പദകോശം മുതൽ ആശയസംഹിതകൾവരെ പല തലങ്ങളിലാണ് സംസ്കൃതഭാഷയുടെ വ്യവഹാരങ്ങൾ വ്യാപിച്ചത്. എന്നാൽ അവയൊന്നും തന്നെ സ്വപാരമാണ്യം കൊണ്ടു തമിഴകത്തിന്റെ വഴക്കങ്ങളെ നിഷ്കാസനം ചെയ്തുകൊണ്ടല്ല, മറിച്ച് ആ വഴക്കങ്ങൾക്കു പുതിയ വ്യവഹാരപഥങ്ങൾ ഒരുക്കിക്കൊണ്ടാണ് സംസ്കൃതം പെറുമാറിയത്. മുമ്പു പറഞ്ഞ കൃതികൾ പുറമേക്ക് തനിത്തമിഴെന്നു തോന്നിക്കുന്നതിന്റെ രഹസ്യവും ഇതുതന്നെ. സംസ്കൃതമെന്നതു ബ്രാഹ്മണരുടെയോ ഹൈന്ദവരുടെയോ ഒക്കെയാണെന്ന തികച്ചും വികലമായ ഒരു ധാരണ എങ്ങനെയോ ആധുനികകാലത്ത് പ്രബലപ്പെട്ടിട്ടുണ്ട്. പഴന്തമിഴ്പാട്ടുകളിലെ പല പദപ്രയോഗങ്ങളും ഹൈന്ദവേതരമായ ജൈന-ബൗദ്ധ വ്യവഹാരങ്ങളിൽ നിന്നു നേരിട്ടു കടന്നുവന്നവയാണ്. അങ്ങനെ ദിഗംബരഗണി പക്കുടുക്കൈ നങ്കണിയാരായി; പ്രതിമ പടിമയായി; ഉപമ ഉവമമായി; കൃഷി, പാശുപാല്യം, നഗരം, വാണിജ്യം എന്നിങ്ങനെ ജീവനോപാധികളിൽകൂടി ജൈനബൗദ്ധപാരമ്പര്യങ്ങളിലെ പ്രാകൃത-സംസ്കൃത പരികല്പനകളും പദപ്രയോഗങ്ങളും സുലഭമായി വ്യാപിച്ചു അപ്പോഴും അവയെല്ലാം പ്രാദേശിക ജീവിതത്തേയും അതിന്റെ നാനാവ്യവഹാരങ്ങളേയും പോഷിപ്പിച്ചുകൊണ്ടു പോന്നതേയുള്ളു; പിഴുതെറിയുകയല്ല ചെയ്തത് എന്നുകൂടി ഓർക്കണം.

പഴയ തിണകളിൽനിന്നു കാർഷികഗ്രാമങ്ങളിലേക്കുള്ള പകർച്ചയാണ് തമിഴകത്തു പൊതുവെയെന്നപോലെ കേരളക്കരയിലും ഉണ്ടായ സമൂലപരിവർത്തനങ്ങളിൽ ഒന്നാമത്തേതും മുഖ്യമായതും. കാർഷികഗ്രാമങ്ങളുടെ സമുദായക്രമത്തിൽ അന്നന്നത്തെ നാട്ടുടയവരും അവരുടെ മേലധികാരമേറ്റ രാജാക്കന്മാരും അവരുടെ വാഴ്ചയും അതിന്റെ നാനാവ്യവഹാരങ്ങളും ഉചിതമായ ന്യായീകരണത്തോടെ സ്വീകാര്യതനേടി. ആ പ്രക്രിയയുടെ പിന്നിൽ ശക്തമായ ആശയസംഹിതയായി പ്രവർത്തിച്ചത് ഇതിഹാസ-പുരാണ പ്രസിദ്ധങ്ങളായ ഭാരതീയ രാജാദർശങ്ങൾതന്നെയാണ്. കേരളത്തിലെ ഓരോരോ സ്ഥലങ്ങൾക്ക് രാമായണ-ഭാരതാദിഗ്രന്ഥങ്ങളിലെ സംഭവഗതിയോടും കഥാപാത്രങ്ങളോടുമുള്ളതായി പറയപ്പെടുന്ന ബന്ധം, ഈ ഭൂവിഭാഗത്തെ ഇതിഹാസ പുരാണ പാരമ്പര്യങ്ങളുമായി കണ്ണിച്ചേർത്തു. ഇത്തരം കല്പനകൾതന്നെയാണ് പില്ക്കാലത്ത് ക്രിസ്തീയവിഭാഗങ്ങൾക്കും തങ്ങളുടെ പാരമ്പര്യത്തെ ദൃഷ്ടാന്തീകരിക്കാൻ മാതൃകയായത്. ഇത്തരം വ്യവഹാരങ്ങളിലെല്ലാം പൊതുവായ ഘടകം സംസ്കൃതമാതൃക തന്നെ.



www.a2zSubjects.com

www.a2zSubjects.com

**46.** പഴയ വാങ്മയങ്ങളായ പഴന്തമിഴ്പാട്ടുകൾ സൂചിപ്പിക്കുന്നത് –

(1) ആദിചേരന്മാരിൽ ചില മുടിമന്നന്മാർ പുത്രകാമേഷ്ടി നടത്തിയിരുന്നു എന്ന്.

(2) വൈദിക സംസ്കൃതിയുടെ വഴക്കങ്ങളും വിശ്വാസങ്ങളും പദകോശവും തമിഴകത്തെ വാമൊഴി വഴക്കങ്ങളിലേക്ക് ആഗിരണം ചെയ്തു കഴിഞ്ഞിരുന്നു എന്ന്.

(3) തമിഴാണ് ഇന്ത്യയിലെ ഏറ്റവും പ്രാചീന ഭാഷയെന്ന്.

(4) ധർമ്മ ചിന്തയും രാജധർമ്മവും സംസ്കൃത പാരമ്പര്യത്തിന്റെ സ്വത്താണ് എന്ന്.

**47.** തമിഴകത്തെ മുടിമന്നൻമാരുടെ രാജ്യസങ്കല്പം രൂപപ്പെട്ടത്

(1) ആര്യന്മാർ സ്ഥാപിച്ച ബ്രഹ്മദേയങ്ങളിൽ നിന്ന്

(2) പഴയ തിണ സമ്പ്രദായത്തിൽ നിന്ന്

(3) തമിഴകത്തെ പ്രാചീന നാട്ടുക്കോയ്മകളിൽനിന്ന്

(4) ആര്യാവർത്തത്തിൽ രൂപപ്പെട്ട സാമ്രാജ്യങ്ങളുടെ മൂശയിൽ

**48.** സംസ്കൃതത്തിന്റെ അഭിസാരം കൊണ്ടു സംഭവിച്ചത്

(a) അത് നാട്ടു വഴക്കങ്ങളുടേയും, ലോകബോധങ്ങളുടേയും സ്വത്വങ്ങളെ അംഗീകരിച്ചു.

(b) നാട്ടുവഴക്കങ്ങൾക്കും ലോകബോധങ്ങൾക്കും ശാസ്ത്രീയത കല്പിച്ചു നൽകി.

(1) (a) മാത്രം ശരി.

(2) (a) യും (b) യും ശരി.

(3) (c) മാത്രം ശരി.

(4) (a) യും (c) യും ശരി.

**49.** 'ഇറ' (നികുതി, കരം) പിരിവിനെക്കുറിച്ചുള്ള ആശയങ്ങൾ രൂപംകൊണ്ടത് ഏതിനെ ആധാരമാക്കിയാണ് ?

(a) കുടുംബ ബന്ധങ്ങളുടെ ചട്ടക്കൂടിലൊതുങ്ങിയ തൊഴിൽ ശേഷിയാൽ വിഭവോത്പാദനം പരിമിതപ്പെട്ടു.

(b) വ്യാപകമായ ഉത്പാദന ബന്ധങ്ങൾ.

(c) സ്വത്തവകാശ ആശയങ്ങൾ പ്രബലപ്പെട്ടു.

(1) (a) മാത്രം ശരി.

(2) (a) യും (b) യും ശരി.

(3) (b) മാത്രം ശരി.

(4) (a), (b), (c) എന്നിവ ശരി.

**50.** തമിഴകത്തും കേരളക്കരയിലും ഉണ്ടായ സമൂല പരിവർത്തനങ്ങളിൽ ഒന്നാമത്തേതും മുഖ്യമായതും

(1) പഴയ തിണകളിൽ നിന്ന് കാർഷികഗ്രാമങ്ങളിലേക്കുള്ള പകർച്ച

(2) ജൈന-ബൗദ്ധപാരമ്പര്യങ്ങളുടെ വേഗമേറിയ വളർച്ച

(3) സംസ്കൃതഭാഷയ്ക്കുണ്ടായ വമ്പിച്ച പ്രചാരം

(4) തമിഴ് ഭരണ ഭാഷയായി



www.a2zSubjects.com

www.a2zSubjects.com

**Space For Rough Work**



www.a2zSubjects.com